**B** | **702**

# സമഗ്ര ശിക്ഷ, കേരളം

## വാർഷിക മൂല്യനിർണയം 2018-19

## മലയാളം

ക്ലാസ് : 7 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്കു ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**ഖണ്ഡിക വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

പ്രകൃതി കൂടെത്തന്നെയുണ്ടായിരുന്നു, അതു പ്രകൃതിയാണെന്നു തിരിച്ചറിഞ്ഞില്ലെങ്കിലും. മഴക്കാലത്തു സ്കൂൾ വിട്ടുവരുമ്പോൾ തോട്ടിലെ മീനുകൾ കാലിൽ ഇക്കിളിയാക്കി. മഴവില്ലും കൊണ്ടു പറക്കുന്ന കൊറ്റികൾക്കു കീഴെ ഇടവഴികളിൽ തുമ്പയും, തെറ്റിയും, ഒടിച്ചുകുത്തിയും, പാലയും, പൂത്തുനിന്നു. പാടങ്ങളിൽ നെല്ലിപ്പൂ നീലവിരിച്ചു. ഓണക്കാലത്ത് ചേട്ടനും ചേച്ചിയും കൂട്ടുകാരുമൊത്തു കഴുത്തിൽ പൂവട്ടി തൂക്കി കുന്നിൻപുറങ്ങളിലും താഴ്‌വാരങ്ങളിലും കൊയ്തൊഴിഞ്ഞ വയലുകളിലും കുണ്ടനിടവഴികളിലും പൂ പറിക്കാനലയുമ്പോൾ പേരറിയുന്നതും അറിയാത്തതുമായ പലതരം പൂക്കൾ ഗന്ധങ്ങളിലൂടെ പ്രലോഭിപ്പിച്ചു. ആകാശത്തിലെ നിഗൂഢമായ മേഘരൂപങ്ങളും കായൽക്കരയിലിരുന്നു കാണാറുള്ള സൂര്യാസ്തമയവും സാഹിത്യസമാജത്തിനു പൂ പറിക്കാൻ പോകാറുള്ള താമരക്കുളവും ഇല്ലായ്മകൾക്കു കരുപ്പായി.

(അനുഭവം, ഓർമ, യാത്ര - സച്ചിദാനന്ദൻ)

1. മഴവില്ലും കൊണ്ട് പറക്കുന്ന കൊറ്റികൾ എന്ന പ്രയോഗത്തിന്റെ ആശയമെന്ത് ?

   (എ) മഴവില്ലിന്റെ നിറമാണ്   (ബി) മഴവില്ലിന്റെ ആകൃതിയിൽ പറക്കുന്നു

   (സി) മഴവില്ലും കൊറ്റിയും ആകാശത്താണ്

2. തിരിച്ചറിഞ്ഞില്ലെങ്കിലും കൂടെത്തന്നെ ഉണ്ടായിരുന്നതാരാണ്?

   (എ) പ്രകൃതി   (ബി) താഴ്‌വാരം   (സി) മേഘരൂപം

3. മണം എന്ന പദത്തിന് സമാനമായ പദം തിരഞ്ഞെടുത്തെഴുതുക.

   (എ) നിഗൂഢം   (ബി) ഗന്ധം   (സി) ഇക്കിളി

4. പാടങ്ങൾ നീലവിരിച്ചതെങ്ങനെ ?

   (എ) പാലപൂത്തതിനാൽ  (ബി) നെല്ലിപ്പൂവിനാൽ  (സി) പേരറിയാത്ത പൂക്കളാൽ

5. ഇല്ലായ്മകളെ കറുപ്പാക്കിയതെന്താണ്?

   (എ) ബാല്യം   (ബി) പ്രകൃതിസൗന്ദര്യം   (സി) കുസൃതി

**പ്രവർത്തനം 2 – ഡയറിക്കുറിപ്പ്**

'അയാൾ പണ്ട് ഇവിടന്ന് എന്താ മോഷ്ടിച്ചത്'? രേവയുടെ ചോദ്യത്തിനുള്ള ജഗന്റെ മറുപടി - 'ഒരു കുല അടയ്ക്ക' എന്നായിരുന്നു. ഈ ഉത്തരം കേട്ട രേവയുടെ മനസിലുണ്ടായ ചിന്തകളെ അടിസ്ഥാനമാക്കി അന്ന് രേവ എഴുതാൻ ഇടയുള്ള ഡയറി എഴുതു.

**പ്രവർത്തനം 3 –**

**താരതമ്യക്കുറിപ്പ്**

**കുഴച്ചുരുട്ടിയാൽ**

*പണ്ട് മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാമനായിരുന്നു പ്രാധാന്യം. പെണ്ണൻമാർക്കും മരുമക്കൾക്കും അമ്മാമനെയും അമ്മായിയെയും പേടിയായിരുന്നു.*

*അമ്മാമൻ ഉച്ചയ്ക്കുണ്ണാൻ വന്നപ്പോൾ ഊണുമുറിയിൽ ഒരു നാക്കില നിവർത്തിവച്ച് അതിൽ കുറേ ചോറ് വിളമ്പിവെച്ചിരിക്കുന്നത് കണ്ടു. അമ്മാമന് ദേഷ്യം വന്നു . എത്ര ചോറാണ് വിളമ്പിയിട്ടുള്ളത്. മരുമക്കൾ തിന്നുമുടിക്കാൻ തന്നെയാണ് പുറപ്പാടെന്ന് തോന്നുന്നു.*

*അമ്മാമൻ ശുണ്ഠിയെടുത്തു. ഓണത്തിന് മാതേവരെ വയ്ക്കാൻ മണ്ണ് ചവിട്ടിക്കൂട്ടിയതുപോലെ ആർക്കാണ് ഇത്രയധികം ചോറ് വിളമ്പിവെച്ചിരിക്കുന്നത്.*

*അടുക്കളയിൽ നിന്ന് ഒരു നിമിഷത്തേക്ക് മറുപടിയൊന്നുമുണ്ടായില്ല*

*പിന്നെ ഒരു മരുമകൻ പതുക്കെ പറഞ്ഞു 'അത് അമ്മായി കുട്ടിക്ക് കുഴച്ചുകൊടുക്കാൻ വിളമ്പിയതാണ്'.*

*അമ്മാമൻ ലേശം ഇളിഭ്യനായി. എന്നിട്ട് സാവധാനത്തിൽ പറഞ്ഞു 'ആ, ഇത് അധികമൊന്നുമല്ല. കുഴച്ചുരുട്ടിയാൽ ഒരു ഗോമാങ്ങയോളമുണ്ടാകും അത്രേയുള്ളൂ.'*

*അടുക്കളയിൽ നിൽക്കുന്ന പെണ്ണൻമാരും മരുമക്കളും പൊട്ടിച്ചിരിച്ചില്ല, വാ പൊത്തി ചിരിച്ചതേയുള്ളൂ . പറയുന്നത് അമ്മാമനല്ലേ?*

(നാടോടിച്ചൊൽക്കഥകൾ – സുമംഗല)

(എ). 'കുഴച്ചുരുട്ടിയാൽ' എന്ന നാടോടിച്ചൊൽക്കഥയും വി.കെ.എൻ– ന്റെ 'പ്രാതൽ' എന്ന കഥയും താരതമ്യം ചെയ്ത് ഒരു കുറിപ്പു തയാറാക്കുക.

(ബി) കുഞ്ഞൻമേനോൻ കഥാപാത്രമായ വി.കെ.എൻ ന്റെ മറ്റൊരു കഥ.

(എ) ഹാജ്യാര്     (ബി) ചാത്തൻസ്     (സി) ഗജപരാക്രമം

**പ്രവർത്തനം 4 – വാങ്മയചിത്രം**

*വാലു വരച്ച് മേലോട്ട്*
*നാവു വരച്ച് താഴോട്ട്*
*മൂക്കൊരിത്തിരി കൂട്ടിച്ചെവിയും*
*നായുടെ ചിത്രം നന്നായി .*

(എ) നായയുടെ വാങ്മയചിത്രം കുഞ്ഞുണ്ണി മാസ്റ്റർ ഈ വരികളിലൂടെ നമുക്കു തന്നു. മായപ്പൊൻമാൻ എന്ന കവിതയിൽ മാനിന്റെ വാങ്മയചിത്രം എഴുത്തച്ഛൻ പറഞ്ഞു തന്നു. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു ജീവിയുടെ വാങ്മയചിത്രം തയാറാക്കൂ.

(ബി) യാതുധാനൻ എന്ന പദത്തിന് സമാന പദം ഏത്?

(എ) രാജാവ്     (ബി) ചന്ദ്രൻ     (സി) രാക്ഷസൻ

## പ്രവർത്തനം 5 - കഥാപാത്രനിരൂപണം

*'മടിച്ചു നിൽക്കാൻ സമയമില്ല. നാടിനെയും നാട്ടാരെയും കാക്കണം. കന്നും കൃഷിയും കാക്കണം കുന്നും കാടും കാക്കണം, പുഴയും വഴിയും കാക്കണം'* - എന്നു പറഞ്ഞ വീരയോദ്ധാവായ മന്ദപ്പനെക്കുറിച്ച് 'കതുവനൂർ വീരൻ' എന്ന പാഠഭാഗത്തിൽ നിങ്ങൾ പഠിച്ചുവല്ലോ. മന്ദപ്പൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി **കഥാപാത്രനിരൂപണം** തയാറാക്കൂ.

## പ്രവർത്തനം 6 - ആസ്വാദനക്കുറിപ്പ്

**മഴയെപ്പറ്റി പത്തിലെത്താത്ത വാക്യങ്ങൾ**

*മഴയെപ്പറ്റി പത്തു വാക്യങ്ങൾ എഴുതുക എന്നതാണ് ഗൃഹപാഠം.*

*എത്രയോ നേരമായി മഴ പെയ്യുകയാണ്.*
*കുട്ടി ഗൃഹപാഠം ചെയ്യാനായി പേന തുറന്നു*

*'മഴ' എന്നെഴുതിയപ്പോൾ പത്തിലേറെ മുനയുള്ള കാറ്റും മഴയും ഇരച്ചു കയറി വന്നു.*
*പിറ്റേന്ന്,*
*കുട്ടിയുടെ വീട് കാലവർഷക്കെടുതിയുടെ ചിത്രങ്ങളിലൊന്നായി*
*പത്രത്തിൽ വീണു കിടന്നു*

**- ജോസ് പനച്ചിപ്പുറം**

മുകളിൽ കൊടുത്ത കഥ വായിച്ച് **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.